# കേരളസർവകലാശാല

നം.പി.ആർ.134/2022

## പത്രക്കുറിപ്പ്

### പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല 2022 ജൂൺ 29 ന് നടത്താൻ നിശ്ചിയിച്ചിരുന്ന ബി.എ.ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (റെഗുലർ – 2021 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2017 – 2019 അഡ്മിഷൻ, മേഴ്സിചാൻസ് – 2013 – 2016 അഡ്മിഷൻ) ഡിഗ്രി പരീക്ഷ ജൂലൈ 1 മുതൽ പുനഃക്രമീകരിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2022 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്. ബി.എസ്.ഡബ്ല്യൂ. പ്രോഗ്രാമിന്റെ പ്രാക്ടിക്കൽ 2022 ജൂൺ 28 മുതൽ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പി.എച്ച്ഡി.രജിസ്ട്രേഷൻ ജൂലൈ 2022 സെഷൻ – അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ ജൂലൈ 2022 സെഷൻ പിഎച്ച്ഡി.രജിസ്ട്രേഷന് ഒഴിവുള്ള വിഷയങ്ങളിൽ ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു. ജൂലൈ 1 മുതൽ 15 – ാം തീയതി വൈകിട്ട് 5 മണി വരെ റിസർച്ച് പോർട്ടൽ വെബ്സൈറ്റ് (www.research.keralauniversity.ac.in) വഴി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് റിസർച്ച് പോർട്ടൽ വെബ്സൈറ്റ് സന്ദർശിക്കുക. സർവകലാശാലയുടെ പഠനവകുപ്പുകൾ ഇല്ലാത്ത വിഷയങ്ങളിൽ അപേക്ഷിച്ചവർ ഓൺലൈൻ അപേക്ഷയുടെ പകർപ്പും അനുബന്ധരേഖകളും ജൂലൈ 16 ന് വൈകിട്ട് 5 മണിക്ക് മുൻപായി കേരളസർവകലാശാല രജിസ്ട്രാറിന് സമർപ്പിക്കേണ്ടതാണ്.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2021 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി., 2021 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി ജൂൺ 29, 30, ജൂലൈ 1 തീയതികളിൽ ഇ.ജെ.X – (പത്ത്) സെക്ഷനിൽ എത്തിച്ചേരേണ്ടതാണ്.

കേരളസർവകലാശാല 2022 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ. (സി.ബി.സി.എസ്.) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി.കാർഡും ഹാൾടിക്കറ്റുമായി 2022 ജൂൺ 28 മുതൽ ജൂലൈ 7 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ബി.എ.റീവാല്യുവേഷൻ സെക്ഷനിൽ ഇ.ജെ.V – (അഞ്ച്) ഹാജരാകേണ്ടതാണ്.

## അഡ്വാൻസ്ഡ് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ (APGDEC) – അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല ഇംഗ്ലീഷ് പഠനവിഭാഗം നടത്തുന്ന "അഡ്വാൻസ്ഡ് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ" (APGDEC) പാർട്ട്ടൈം സായാഹ്ന കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത: അംഗീകൃത സർവകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം, ഫീസ്: 8175+പരീക്ഷാഫീസ്, കാലയളവ്: ഒരു വർഷം (തിങ്കൾ മുതൽ വെള്ളി വരെ വൈകിട്ട് 5.30 മുതൽ 7.30 വരെ). താൽപ്പര്യമുള്ള വിദ്യാർത്ഥികൾക്ക് സർവകലാശാല ക്യാഷ് കൗണ്ടറിലോ ഓൺലൈനായോ മുപ്പത് രൂപ ഒടുക്കിയ ചെലാൻ ഇംഗ്ലീഷ് പഠനവകുപ്പിൽ സമർപ്പിച്ച് അപേക്ഷാഫോം കൈപ്പറ്റാവുന്നതാണ്. അപേക്ഷകൾ ജൂലൈ 11 വരെ ഇംഗ്ലീഷ് പഠനവകുപ്പ് ഓഫീസിൽ സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം,
27.06.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**